പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3365** **22.08.2017-ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോയുടെ അനന്തര ഘട്ടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. ഐ. ബി. സതീഷ്<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. എം. സ്വരാജ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോയുടെ തുടർന്നുള്ള ഘട്ടങ്ങൾ പൂർത്തീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി വിശദീകരിക്കാമോ ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങളും ആയതിന്റെ പുരോഗതിയും അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് അറിയിക്കാമോ ; | (ബി) | 11.09.15-ലെ സ.ഉ(കൈ)നം.74/2015/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് പ്രകാരം 6728 കോടി രൂപ ചെലവിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പാക്കാൻ സംസ്ഥാന സർക്കാർ അനുമതി നൽകി. ഈ പദ്ധതികൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ലൈറ്റ് മെട്രോ പദ്ധതികൾക്കായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. |
| (സി) | ഈ പദ്ധതികൾക്കു വേണ്ട സ്ഥലം ഏറ്റെടുക്കൽ, ഫണ്ടിന്റെ സ്രോതസ്സ് തുടങ്ങിയ കാര്യങ്ങളിലെ നിലവിലെ സ്ഥിതി അറിയിക്കാമോ ? | (സി) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ സ്ഥലമേറ്റെടുക്കൽ നിർമ്മാണച്ചെലവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു.<br>കൊച്ചി മെട്രോയുടെ ആലുവ മുതൽ പേട്ട വരെയുള്ള പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞു. പേട്ട മുതൽ തൃപ്പൂണിത്തുറ എസ്. എൻ. ജംഗ്ഷൻ വരെയുള്ള പദ്ധതിയുടെ ഭാഗമായി റോഡ് നവീകരിക്കുന്നതിനും, സ്റ്റേഷൻ നിർമ്മാണത്തിനുമായി |

| | | | |
|---|---|---|---|
| | | | ഏകദേശം 3 ഏക്കർ 65 സെന്റ് സ്ഥലം വേണ്ടതുണ്ട്. ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം കൊച്ചി മെട്രോ, ജില്ലാ കളക്ടർക്ക് സമർപ്പിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി നടത്തുന്ന സാമൂഹിക പ്രത്യാഘാത പഠനം (Social Impact Assessment Study) അന്തിമ ഘട്ടത്തിലാണ്. കാക്കനാട് വരെയുള്ള ഘട്ടം II കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.<br>കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഫണ്ടിന്റെ സ്രോതസ്സ് തുടങ്ങിയകാര്യങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങളും അനുബന്ധ വിവരങ്ങളും

| ക്രമ നം. | ഘട്ടം | പദ്ധതി | ദൈർഘ്യം (കി.മീ) | പുരോഗതി | |
|---|---|---|---|---|---|
| 1 | **ഘട്ടം I** | **ആലുവ മുതൽ പേട്ട വരെ** | **25.612** | -- | -- |
| 2 | റീച്ച് 1 | ആലുവ മുതൽ പാലാരിവട്ടം വരെ. | 13.267 | 100% | 17.06.2017-ന് കമ്മീഷൻ ചെയ്തു. |
| 3 | റീച്ച് 2A | പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെ. | 4.96 | 80% | സിഗ്നൽ ജോലികൾ പുരോഗമിക്കുന്നു. 2017 ഒക്ടോബറിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | റീച്ച് 2B | മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ. | 7.385 | 48% | 2019 അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 5 | ഘട്ടം IA | പേട്ട മുതൽ തൃപ്പൂണിത്തുറ എസ്.എൻ ജംഗ്ഷൻ വരെ. | 2 | – | പദ്ധതിയുടെ ഭാഗമായി റോഡ് നവീകരിക്കുന്നതിനും, സ്റ്റേഷൻ നിർമ്മാണത്തിനുമായി വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം സമർപ്പിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി നടത്തുന്ന സാമൂഹിക പ്രത്യാഘാത പഠനം (Social Impact Assessment Study) അന്തിമ ഘട്ടത്തിലാണ്. |
| 6 | ഘട്ടം II | കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെ. | 11.2 | -- | കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |

## ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദാംശങ്ങൾ

ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പിനായി കേരള റാപിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചു. പ്രാരംഭ നടപടികൾക്കായി DMRC-യെ ഇടക്കാല കൺസൾട്ടന്റായി നിയമിച്ചു കൊണ്ടുള്ള കരാർ 20.01.2016-ന് ഒപ്പു വച്ചു. തിരുവനന്തപുരത്തെ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ 272.84 കോടി രൂപ ചെലവിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുവാൻ 08.09.2016-ലെ സ.ഉ(കൈ)നം.67/2016/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി. കൂടാതെ, കഴക്കൂട്ടം-കേശവദാസപുരം പാത വികസനത്തിന് 16.01.2017-ലെ സ.ഉ(കൈ)നം.79/2017/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി. കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രാരംഭ പ്രവർത്തനമായി മാനാഞ്ചിറ - മീഞ്ചന്ത പാത വികസനത്തിന് 28.07.2017-ലെ സ.ഉ(സാധാ)നം.1108/2017/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി.

### സ്ഥലം ഏറ്റെടുക്കൽ

തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി 08.09.2016-ലെ സ.ഉ(കൈ)നം.67/2016/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. അടിയന്തിരമായി ഭൂമി ഏറ്റെടുത്ത് കെ.ആർ.ടി.എൽ-ന് കൈമാറുന്നതിനു വേണ്ടി 01.06.2017-ലെ സ.ഉ(സാധാ)നം.2504/2017/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ 22 അംഗ എൽ.എ യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി നൽകി.

തിരുവനന്തപുരം ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി 19.54.716 ഏക്കർ സർക്കാർ ഭൂമി കെ.ആർ.ടി.എൽ - ന് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുവാൻ 2.72 ഹെക്ടർ സ്വകാര്യഭൂമിയും, കഴക്കൂട്ടം-കേശവദാസപുരം പാത വികസനത്തിന് 6.7543 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ട്.

കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമി കെ.ആർ.ടി.എൽ - ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിർദ്ദിഷ്ട ലൈറ്റ് മെട്രോ സ്റ്റേഷനുകൾ നിർമ്മിക്കുവാൻ ആവശ്യമായ 1.447 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി 08.09.2016-ലെ സ.ഉ(കൈ)നം.67/2016/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

### ഫണ്ടിംഗ്

തിരുവനന്തപുരത്ത് 4219 കോടി രൂപയും, കോഴിക്കോട് 2509 കോടി രൂപയുമായി ആകെ 6728 കോടി രൂപയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണച്ചെലവായി കണക്കാക്കിയിരിക്കുന്നത്. ഇതിൽ സ്ഥലമെടുപ്പിനാവശ്യമായ 341 കോടി രൂപ (തിരുവനന്തപുരം- 196 കോടി രൂപയും, കോഴിക്കോട് - 145 കോടി രൂപയും) പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ബാക്കി തുകയുടെ 20% കേന്ദ്രസർക്കാരും 20% സംസ്ഥാന സർക്കാരും, 60% തദ്ദേശ/വിദേശ വായ്പയായും കണ്ടെത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീകാര്യം, പട്ടം, ഉള്ളൂർ മേൽപ്പാലങ്ങൾക്കുള്ള സ്ഥലമെടുപ്പിനും നിർമ്മാണത്തിനുമായി 272.84 കോടി രൂപയാണ് നിർമ്മാണച്ചെലവായി കണക്കാക്കിയിരിക്കുന്നത്. ഈ പ്രവൃത്തികൾക്കുള്ള തുക KIIFB-ൽ നിന്ന് ലഭ്യമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

അനുബന്ധം - III

## കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഫണ്ടിന്റെ വിശദാംശങ്ങൾ

| ക്രമ നം. | ഇനം | വിഹിതം (തുക കോടിയിൽ) | ലഭിച്ച തുക (കോടിയിൽ) |
|---|---|---|---|
| 1 | കേന്ദ്രസർക്കാർ | 1002.23 | 1002.23 |
| 2 | കേരള സർക്കാർ | 1911.56 | 1619.57 |
| 3 | വായ്പ (AFD-Canara) | 2170 | 1476.50 |
| 4 | പ്രോപ്പർട്ടി ഡെവലപ്മെന്റ് | 98 | - |
| | ആകെ | 5181.79 | 4098.30 |

സെക്ഷൻ ഓഫീസർ